**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2166** | **12-02-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ. റൂൾ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ജോലിക്ക് പോകുമ്പോഴും വരുമ്പോഴും സംഭവിക്കുന്ന അപകടം കെ.എസ്.ആർ. റൂൾ 97 ലെ ജോലിയിലിരിക്കെ സംഭവിക്കുന്ന അപകടങ്ങളുടെ ഗണത്തിലാണെന്ന് കേരള ഹൈക്കോടതി റൂളിങ്ങ് നൽകിയിട്ടുണ്ടോ; | (എ) | **W. P. (C) No. 27593 of 2019 നമ്പർ കേസിലെ 19/11/2020 ലെ വിധിന്യായപ്രകാരം വീട്ടിൽ നിന്നും ഓഫീസിലേക്കുള്ള യാത്രയ്ക്കിടയിൽ അപകടം സംഭവിച്ച പരാതിക്കാരിക്ക് കെ.എസ്.ആർ., ഭാഗം I, ചട്ടം 98 പ്രകാരം പ്രത്യേക അവശത അവധി അനുവദിക്കാവുന്നതാണ് എന്ന് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.** |
| (ബി) | കെ.എസ്.ആർ. റൂൾ 103 പ്രകാരം സംസ്ഥാന പോലീസ് സേനയിലെ ഉദ്യോഗസ്ഥർക്ക് ഡ്യൂട്ടി സമയത്തുള്ള അപകടത്തിനും തുടർന്നുള്ള ചികിത്സയ്ക്കും അനുവദിക്കുന്ന ഹോസ്പിറ്റൽ ലീവിനും ഇതേ വ്യാഖ്യാനം നൽകി ഹൈക്കോടതി റൂളിങ്ങിന് സമാനമായി പരിഷ്കരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | **കെ.എസ്.ആർ., ഭാഗം I, ചട്ടം 103 പ്രകാരം** ചില പ്രത്യേക വിഭാഗം ജീവനക്കാർക്ക് അനുവദനീയമായ **ആശുപത്രി അവധി ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ അപകട സാധ്യത മൂലം നേരിട്ട് സംഭവിച്ച പരിക്ക് അല്ലെങ്കിൽ രോഗം എന്നിവയുടെ ചികിൽസയ്ക്കായാണ് അനുവദിക്കുന്നത്. കൂടാതെ, പരിക്ക് അല്ലെങ്കിൽ രോഗം ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ അപകട സാധ്യത മൂലം നേരിട്ട് സംഭവിച്ചതാണ് എന്നത് സംബന്ധിച്ച് ഓഫീസ് തലവനിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ മാത്രമെ ആശുപത്രി അവധി അനുവദിക്കുകയുള്ളു എന്നും ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ W. P. (C) No. 27593 of 2019 നമ്പർ കേസിലെ 19/11/2020 ലെ വിധിന്യായത്തിൽ പ്രതിപാദിച്ചിട്ടുള്ളത് കെ.എസ്.ആർ., ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധി അനുവദിക്കാനാണ്. മേൽ രണ്ട് അവധികളും വ്യത്യസ്ത സാഹചര്യങ്ങളിൽ വ്യത്യസ്ത ചട്ടപ്രകാരമായതിനാൽ ഹൈക്കോടതി ഉത്തരവിന് സമാനമായി ഹോസ്പിറ്റൽ ലീവ് ചട്ടങ്ങൾ പരിഷ്കരിക്കുന്ന നടപടികൾ സർക്കാരിന്റെ പരിഗണനയിലില്ല.** |
| (സി) | ഇതേ ആവശ്യം ഉന്നയിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്യപ്പെട്ട ഓ.എ.(ഇ.കെ.എം.) 1911/2022 കേസിൽ സർക്കാർ | (സി) | **കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്യപ്പെട്ട ഓ.എ.(ഇ.കെ.എം.) 1911/2022 നം. കേസിലേയ്ക്ക് ആവശ്യമായ വിവരങ്ങൾ കൊച്ചിൻ** |

| | | | |
|---|---|---|---|
| | സത്യവാങ്മൂലം നൽകിയോ; ഇല്ലെങ്കിൽ ആയതിന് കാരണം വ്യക്തമാക്കുമോ; | | **സിറ്റി കമ്മീഷ്ണർ ഓഫീസിൽ നിന്നും അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിലേയ്ക്ക് സത്യവാങ്മൂലം നൽകിയിട്ടുണ്ട്.** |
| (ഡി) | പ്രസ്തുത കേസ് ഫയൽ ചെയ്ത ജീവനക്കാരിക്ക് കേസ് ഫയൽ ചെയ്തു എന്ന കാരണത്താൽ 2022 സെപ്തംബർ മാസത്തെ ശമ്പളം തടഞ്ഞ് വെച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ജീവനക്കാരിക്ക് അർഹതപ്പെട്ട അവധി, ആർജിത അവധി,സറണ്ടർ അടക്കമുള്ള ആനുകൂല്യങ്ങൾ കേസിൽ വിധി വന്ന് ലീവ് ക്രമപ്പെടുത്തുന്നത് വരെ തടഞ്ഞ് വെച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല. 2022 സെപ്റ്റംബർ മാസത്തെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ജീവനക്കാരിയ്ക്ക് നൽകിയിട്ടുണ്ട്. ടിയാരിയുടെ 23.07.2022 മുതൽ 30.10.2022 വരെയുള്ള അവധി സെറ്റിൽ ചെയ്തിട്ടില്ലാത്തതിനാൽ 2022 ഒക്ടോബർ മാസത്തെ ശമ്പളവും 2022-2023 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടറും നല്കിയിട്ടില്ല. |
| (ഇ) | പ്രസ്തുത കേസിൽ തീർപ്പ് കൽപ്പിക്കുന്നതുവരെ തർക്കമുള്ള അവധി നീക്കി വെച്ച് അർഹതപ്പെട്ട ശമ്പളവും അവധി ആനുകൂല്യങ്ങളും അനുവദിച്ച് കൊടുക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഇ) | **കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്യപ്പെട്ട ഓ.എ.(ഇ.കെ.എം.) 1911/2022 നമ്പർ കേസിൽ നിലവിൽ തർക്കത്തിലിരിയ്ക്കുന്ന അവധി കാലയളവിൽ ഒഴികെയുള്ള എല്ലാ മാസത്തെയും ശമ്പളവും ആനുകൂല്യങ്ങളും പരാതിക്കാരിയ്ക്ക് നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ